പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 425 — 07.01.2014 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിൽ ജി.പി.ആർ.എസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് :<br>" വി.റ്റി. ബൽറാം :<br>" ഹൈബി ഈഡൻ :<br>" എ.റ്റി. ജോർജ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ജി.പി. ആർ.എസ്. സംവിധാനം ഏർപ്പെടുത്താനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ, ചെങ്ങന്നൂർ, കോട്ടയം, പമ്പ എന്നീ യൂണിറ്റുകളിൽ ടി സംവിധാനം നടപ്പിലാക്കുകയും ഇതര യൂണിറ്റുകളിൽ നടപ്പിലാക്കുന്നതിലുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരികയും ചെയ്യുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | (ബി) | ജി.പി.ആർ.എസ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷന്റെ ടിക്കറ്റ് വരുമാനം കേന്ദ്രീകൃത സംവിധാനത്തിലൂടെ അറിയുന്നതിനും ടി സംവിധാനത്തിലൂടെ വരുമാനക്കുറവുള്ള സർവ്വീസുകൾ പുനക്രമീകരിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സാധ്യമാകുകയും ചെയ്യും. |
| (സി) | കോർപ്പറേഷന്റെ കാര്യക്ഷമതയും വരുമാനവും വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | ജി.പി.ആർ.എസ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷന്റെ ടിക്കറ്റ് വരുമാനം കേന്ദ്രീകൃത സംവിധാനത്തിലൂടെ അറിയുന്നതിനും ടി സംവിധാനത്തിലൂടെ വരുമാനക്കുറവുള്ള സർവ്വീസുകൾ പുനക്രമീകരിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സാധ്യമാകും. |
| (ഡി) | കോർപ്പറേഷന്റെ ഏതെല്ലാം തരത്തിലുള്ള ബസ്സുകളിൽ പ്രസ്തുത സംവിധാനം ഉപയോഗിച്ച് വരുന്നുണ്ട് ; വ്യക്തമാക്കാമോ ? | (ഡി) | കോർപ്പറേഷന്റെ എല്ലാ തരത്തിലുമുള്ള സർവ്വീസുകളിലും ടി സംവിധാനം നടപ്പാക്കും. ഓർഡിനറി, ഫാസ്റ്റ്, സൂപ്പർ ക്ലാസ് സർവ്വീസുകൾ, ജൻറം സർവ്വീസുകൾ മുതലുള്ള എല്ലാത്തിലും ടി സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ